# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 899 01/03/2017 -ൽ മറുപടിക്ക്

## ജലനിധി പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.കൃഷ്ണൻകുട്ടി | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഈ സാമ്പത്തിക വർഷം ജലനിധി പദ്ധതിയുടെ കീഴിൽ, കേന്ദ്ര സംസ്ഥാന ലോകബാങ്ക് വിഹിതങ്ങളിലായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയത്; | (എ) ലോകബാങ്ക് ധനസഹായത്തോടെ കേരള സർക്കാർ നടപ്പിലാക്കുന്ന ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഈ സാമ്പത്തിക വർഷം 31/01/2017 വരെയുള്ള കണക്കനുസരിച്ച് 254 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചു. 38,251 ശുചിത്വ സംവിധാന യൂണിറ്റുകളും, 76 ഭൂജല സംവർദ്ധന മാതൃകകളും ഈ സാമ്പത്തിക വർഷം ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) ഓരോ പദ്ധതിയിലും എത്ര രൂപ ചെലവാക്കിയെന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) കേരളത്തിലെ വിവിധ ജില്ലകളിലെ ഗ്രാമ പഞ്ചായത്തുകളിൽ ചെറുതും വലുതുമായ കുടിവെള്ള പദ്ധതികൾ ശുചീകരണ പദ്ധതികൾ, ഭൂജല സംവർദ്ധന പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷത്തിൽ 31/01/2017 വരെ ആകെ 206.54 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. . ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ഇപ്രകാരമാണ്. |

| ജില്ല | ഗ്രാമപഞ്ചായത്തുകളുടെ എണ്ണം | ചെലവായ തുക (കോടി രൂപ) |
| --- | --- | --- |
| ഇടുക്കി | 18 | 34.41 |
| കോട്ടയം | 21 | 19.31 |
| പത്തനംതിട്ട | 2 | 0.76 |
| തിരുവനന്തപുരം | 1 | 0.10 |
| തൃശ്ശൂർ | 10 | 35.46 |
| പാലക്കാട് | 5 | 6.22 |
| മലപ്പുറം | 15 | 44.11 |

JSK/

| | | |
|---|---|---|
| കോഴിക്കോട് | 13 | 24.33 |
| വയനാട് | 12 | 22.88 |
| കണ്ണൂർ | 9 | 9.99 |
| കാസർഗോഡ് | 9 | 8.97 |
| **ആകെ** | | **206.54** |

(സി) ജലനിധി പദ്ധതിയിൽ മൊത്തം അനുവദിച്ച തുകയെത്ര എന്നും ഇനി ഈയിനത്തിൽ എത്ര രൂപ ചെലവ് ചെയ്ത് തീർക്കാനുണ്ട് എന്നും വ്യക്തമാക്കുമോ; വരുന്ന 4 വർഷത്തെ കർമ്മ പദ്ധതി (Action Plan) തയ്യാറാക്കിയിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(സി) ജലനിധി പദ്ധതിയിൽ നാളിതുവരെ മൊത്തം അനുവദിച്ച തുക 785.42 കോടി രൂപയാണ്. അതിൽ നിന്നും 765.24 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുവരെ അനുവദിച്ച തുകയിൽ നിന്നും 20.18 കോടി രൂപ ചെലവ് ചെയ്തു തീർക്കാനുണ്ട്. ജലനിധി II പദ്ധതി 2012 ലാണ് ആരംഭിച്ചത്. 5½ വർഷംകൊണ്ട് പൂർത്തിയാക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പദ്ധതി പുനക്രമീകരിക്കുകയും കാലാവധി 1½ വർഷം കൂടി നീട്ടുകയും ചെയ്തു. അതനുസരിച്ച് 2018 ഡിസംബറിൽ അവസാനിക്കുന്ന തരത്തിലാണ് ഇപ്പോൾ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. ആയതിനാൽ വരുന്ന 4 വർഷത്തെ കർമ്മ പദ്ധതി എന്ന നിലയിൽ തയ്യാറാക്കിയിട്ടില്ല. എന്നാൽ പുനക്രമീകരിക്കപ്പെട്ടതനുസരിച്ച് പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ആകെ ചെലവ് 1022 കോടി രൂപയിൽ നിന്നും 1358 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. അതനുസരിച്ച് ലോകബാങ്ക് സഹായ മുൾപ്പെടെ സംസ്ഥാന സർക്കാരിൽ നിന്നുള്ള വിഹിതം 254 കോടി രൂപയിൽ നിന്നും 1127 കോടി രൂപയായും വർദ്ധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ